പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4042 — 27.06.2012ൽ മറുപടിയ്ക്ക്

## മാവേലിക്കരയിലെ കനാൽ ശുദ്ധീകരണവും പ്രവൃത്തികളും

ചോദ്യം : ശ്രീ. ആർ. രാജേഷ്

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ കല്ലിമേൽ അക്വഡേറ്റിനോട് ചേർന്ന് കനാലിൽ വലിയ മാലിന്യ പ്രശ്നങ്ങളുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എ) കല്ലുമല അക്വിഡറ്റിനോട് ചേർന്നുള്ള കനാലിലെ മാലിന്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫ്ലഷ് എസ്കേപ്പ് നോട് ചേർന്നുള്ള ഷട്ടറുകൾ പ്രവർത്തന രഹിതമായതിനാലാണ് മാലിന്യപ്രശ്നങ്ങൾ ഉണ്ടായത്. ആയത് പരിഹരിക്കുന്നതിലേയ്ക്കായി ഷട്ടറിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിക്കുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വർക്ക് തുടങ്ങുന്നതിനുള്ള അടിയന്തിര നടപടികൾ എടുത്തു വരുന്നു. |
| (ബി) പ്രസ്തുത പഞ്ചായത്തിൽ കൊല്ലക്കടവ് പാലം മുതൽ അക്വഡേറ്റുവരെ അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ കൊല്ലകടവ് പാലം മുതൽ അക്വഡറ്റ് വരെ അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിനായി അടിയന്തിര പ്രാധാന്യത്തോടു കൂടിയ സംരക്ഷണപണികൾ ചെയ്യേണ്ട ഭാഗങ്ങളിൽ അതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ